"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ അന്തരിച്ച കമലം കെ.എൻ. - ന്റെ മകൻ ശ്രീ.അഭിരാം കൃഷ്ണൻ-ന് വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് - അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.15/2024/AYUSH തീയതി, തിരുവനന്തപുരം, 29-06-2024

---

പരാമർശം:-

(1) സ.ഉ.(പി) നം.12/99/ഉഭപവ തീയതി 24/05/1999.

(2) സ.ഉ.(പി) നം.33/2014/ഉഭപവ തീയതി 26/09/2014.

(3) ശ്രീ.അഭിരാം കൃഷ്ണൻ-ന്റെ 11/05/2017-ലെ അപേക്ഷ.

(4) വയനാട് ജില്ലാ കളക്ടറുടെ 18/01/2018-ലെ എ8-2017/23701/12 - നമ്പർ കത്ത്.

(5) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 05/03/2018-ലെ 1712/ഇഎ2/2018/ഡി.എച്ച് - നമ്പർ കത്ത്.

(6) ശ്രീ.അഭിരാം കൃഷ്ണൻ-ന്റെ 14/11/2023-ലെ സമ്മതപത്രം.

(7) പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 03/06/2024-ലെ എസ്.ഡി2/206/2024/പൊ.ഭ.വ. - നമ്പർ കത്ത്.

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിനു കീഴിൽ വയനാട് ജില്ലയിൽ കോളേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ അറ്റൻഡറായി ജോലിയിലിരിക്കെ അന്തരിച്ച കമലം കെ.എൻ.-ന്റെ ആശ്രിതനായ മകൻ ശ്രീ.അഭിരാം കൃഷ്ണൻ പരാമർശം-(3) പ്രകാരം ക്ലാർക്ക് തസ്തികയിലേയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ അപേക്ഷ പരാമർശം (4), (5) പ്രകാരം യഥാക്രമം വയനാട് ജില്ലാ കളക്ടറും, ഹോമിയോപ്പതി വകുപ്പ് മേധാവിയും അപേക്ഷകന് ആശ്രിത നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിരുന്നു. എന്നാൽ, ഹോമിയോപ്പതി വകുപ്പിൽ, ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പാമർശം-(6) പ്രകാരം ടിയാൻ സമ്മതപത്രം ലഭ്യമാക്കുകയും, അത്തരത്തിൽ നിയമനം ലഭ്യമാക്കുന്നതിനായി ടിയാളുടെ പ്രൊഫോർമ ഡീറ്റെയിൽസ് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന് നൽകിയിരുന്നു.

(2) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ വനം വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള 42 ഒഴിവുകളിൽ 9 ഒഴിവുകൾ ശിപാർശ നൽകി നികത്തിയിട്ടുണ്ടെന്നും, ബാക്കിയുള്ള 33 ഒഴിവുകളിൽ ഒരെണ്ണം ശ്രീ.അഭിരാം കൃഷ്ണന് അനുവദിച്ച് നൽകാവുന്നതാണെന്നും, പ്രസ്തുത നിയമനത്തിനുള്ള അനുമതി ഉത്തരവ് മാതൃവകുപ്പ് നൽകുന്നതാണെന്നും പരാമർശം-(7) പ്രകാരം പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-നെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.അഭിരാം കൃഷ്ണന് (കൃപ നിവാസ്, മട്ടപ്പാറ, കൊളഗപ്പാറ പി.ഒ., വയനാട് - 673591) പരാമർശം-(7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള ബീറ്റ്

ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ ഒഴിവിൽ വനം വകുപ്പിൽ നിയമനം നൽകുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ.അഭിരാം കൃഷ്ണൻ-ന് നിയമനം നൽകുന്നത് സംബന്ധിച്ചുള്ള തുടർനടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം സ്വീകരിക്കേണ്ടതാണ്.

(3) ശ്രീ.അഭിരാം കൃഷ്ണന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തി, നിയമനാധികാരി, ടിയാൾക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. സർക്കാർ സർവ്വീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്ത് എടുത്തതും, സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പരാമർശം-(2)-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുവേണം അപേക്ഷകന്റെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത്.

(4) ശ്രീ.അഭിരാം കൃഷ്ണന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ മരണപ്പെട്ട ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. അപേക്ഷകൻ വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്ത് സർക്കാർ കണ്ടെത്തുകയാണെങ്കിലോ അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദു ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം.
2. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
3. ശ്രീ.അഭിരാം കൃഷ്ണൻ, കൃപ നിവാസ്, മട്ടപ്പാറ, കൊളഗപ്പാറ പി.ഒ., വയനാട്-673591. **(Registered with AD)**
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പ്. (പരാമർശം-(7) പ്രകാരം അറിവിലേയ്ക്കായി)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (പ്രസിദ്ധീകരണത്തിന്)
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (AYU-C2/90/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 29-06-2024 15:34:25

സെക്ഷൻ ഓഫീസർ